## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282** — **08.11.2019 ൽമറുപടിയ്ക്ക്**

### <u>കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം</u>

| | ചോദ്യം<br>ശ്രീ.പി.വി. അൻവർ<br>,, ഐ.ബി. സതീഷ്<br>,, പുരുഷൻ കടലുണ്ടി<br>,, ജെയിംസ് മാത്യു | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമപ്രകാരം ഗതാഗത നിയമ ലംഘനങ്ങൾക്ക് യുക്തിരഹിതമായി വർദ്ധിപ്പിച്ച പിഴത്തുക കുറവു വരുത്തുന്നതിന് സംസ്ഥാനത്തിന് അനുമതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ ഇത് കുറച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 01/09/2019 ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26/10/2019 ലെ സ.ഉ (പി)37/2019/ഗതാ നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | പുതിയ ഭേദഗതി നിയമം പൊതുഗതാഗത സംവിധാനത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ പൊതുഗതാഗത സംവിധാനം പൊതു മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധ്യമാകുമോ; | (ബി) യും (സി) യും | പുതിയ കേന്ദ്ര മോട്ടോർ വാഹന നിയമം, പൊതു മേഖലയെ സാരമായി ബാധിക്കുമെന്നാണ് കരുതുന്നത്. കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിക്കുള്ള കരട് നിർദ്ദേശങ്ങൾ വന്ന സന്ദർഭത്തിൽ തന്നെ, ഇതിലെ വകുപ്പുകൾ മോട്ടോർ വാഹന വകുപ്പിന്റെ അധികാരം നഷ്ടപ്പെടുത്തുന്നതാണെന്ന് സംസ്ഥാന സർക്കാർ വിലയിരുത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത നിർദ്ദേശങ്ങളിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് പല തവണ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂലമായ പ്രതികരണങ്ങൾ ഉണ്ടായിട്ടില്ല എന്നു മാത്രമല്ല സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണിച്ചിട്ടുമില്ല. ആയതിനാൽ, പുതിയ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ, ഇനിയും കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടെന്ന് കരുതുന്നില്ല. |
| (സി) | മോട്ടോർ വാഹന വകുപ്പിന്റെ സ്വകാര്യവൽക്കരണത്തിനിടയാക്കുന്ന വ്യവസ്ഥകൾ പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഡ്രൈവിംഗ് സ്കൂളുകളെയും ചെറുകിട വർക്ക്ഷോപ്പുകളെയും ഭേദഗതി നിയമം എങ്ങനെ ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; തൊഴിലാളി ദ്രോഹകരമായ ഭേദഗതികൾ പിൻവലിക്കാൻ ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ; | (ഡി) | ഇത്തരത്തിലുള്ള ഒരു പഠനം ഗതാഗത വകുപ്പ് നടത്തിയിട്ടില്ല. |
| (ഇ) | പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനത്തെ സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ഇ) | പൊതു ഗതാഗത മേഖലയെ സംരക്ഷിക്കുന്ന രീതിയിലുള്ള ഒരു നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**